പതിനാലാം കേരള നിയമസഭ
പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4368 — 13/12/2018 ൽ മറുപടിക്ക്

**ദേവസ്വം ബോർഡുകൾ ഏറ്റെടുത്ത ക്ഷേത്രങ്ങൾ**

ചോദ്യം — മറുപടി

ശ്രീ.കെ. ദാസൻ — കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെകാലത്ത് വിവിധ ദേവസ്വം ബോർഡുകൾ ഏറ്റെടുത്ത ക്ഷേത്രങ്ങൾ ഏതെല്ലാം എന്ന് ജില്ലതിരിച്ച് പട്ടികരൂപത്തിൽ ലഭ്യമാക്കുമോ; | (എ) | **തിരുവിതാംകൂർ ദേവസ്വം ബോർഡ്**<br>കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ വെള്ളൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന വാമന മൂർത്തി ക്ഷേത്രം.<br>**മലബാർ ദേവസ്വം ബോർഡ്**<br>1. ശ്രീ.പാർത്ഥ സാരഥി ക്ഷേത്രം, ഗുരുവായൂർ, ചാവക്കാട്, തൃശ്ശൂർ ജില്ല<br>2. ശ്രീ.ചാത്തൻകണ്ടാർക്കാവ് ക്ഷേത്രം, ഒറ്റപ്പാലം, പാലക്കാട് ജില്ല.<br>3. ശ്രീ.കൊണ്ടംവള്ളി അയ്യപ്പ ക്ഷേത്രം, കൊയിലാണ്ടി, കോഴിക്കോട് ജില്ല<br>4. ശ്രീ.ചന്ദ്രനെല്ലൂർ ഭഗവതി ക്ഷേത്രം, തളിപ്പറമ്പ്, കാസർഗോഡ് ജില്ല.<br>5. ശ്രീ.പാലത്തറ ഭഗവതി ക്ഷേത്രം, പാലക്കാട് ജില്ല. |
| (ബി) | ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ? | (ബി) | **തിരുവിതാംകൂർ ദേവസ്വം ബോർഡ്**<br>നിലവിലുള്ള ക്ഷേത്രഭരണ സമിതിയുടെയോ ഭക്തജനങ്ങളുടെയോ അപേക്ഷ പ്രകാരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഇൻസ്പെക്ഷൻ ) റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ പ്രസ്തുത ക്ഷേത്രം സന്ദർശിച്ച് ക്ഷേത്രത്തിന്റെ ആസ്തി, നിത്യവരുമാനം, വസ്തുവിന്റെ വിവരം എന്നിവ ലഭ്യമാക്കി ബോർഡിന്റെ അനുമതി വാങ്ങിയ ശേഷം ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ക്ഷേത്രം ഏറ്റെടുക്കു |

| | | | |
|---|---|---|---|
| | | | കയാണ് നിലവിലുള്ള നടപടി ക്രമം.<br><br>**മലബാർ ദേവസ്വം ബോർഡ്**<br>ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ 8 ബി സെക്ഷൻ പ്രകാരം ക്ഷേത്ര ട്രസ്റ്റിമാരുടെ അപേക്ഷയനുസരിച്ച് സെക്ഷൻ 57 പ്രകാരമുള്ള അന്വേഷണങ്ങൾ നടത്തി മലബാർ ദേവസ്വം ബോഡ് ക്ഷേത്ര ഭരണം ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ